(ഡി) ഉണ്ട്. കേന്ദ്ര സർക്കാർ ശമ്പള ഇനത്തിൽ അനുവദിക്കുന്ന തുക റിസോഴ്സ് അദ്ധ്യാപകർക്ക് വേതനമായി നൽകിവരുന്നു.

(ഇ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ച ജയരാജൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) 2015-16 വർഷത്തേക്കുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുമ്പോൾ പ്രസ്തുത അദ്ധ്യാപകർക്ക് അർഹമായ ശമ്പളം ശിപാർശ ചെയ്യുന്നതും അനുവദിക്കുന്ന തുക വേതനമായി നൽകുന്നതുമാണ്.

സ്കൂൾ കായികാദ്ധ്യാപക രംഗത്തെ പ്രശ്നങ്ങൾ

52 (4662) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായികാദ്ധ്യാപക രംഗത്തെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ സ്കൂൾ കായികമേള തടസ്സപ്പെട്ടതായി ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കായികാദ്ധ്യാപക യോഗ്യത ഉള്ളവരെ മാത്രം കായിക അദ്ധ്യാപകരായി നിലനിർത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) തസ്തിക ഇല്ലാത്ത കായിക അദ്ധ്യാപകരെ മറ്റ് സ്കൂളിലേക്ക് ക്ലബ് ചെയ്ത് നിയമിക്കുന്ന പഴയ രീതി നിലനിർത്തുമോ;

(ഇ) എല്ലാ എയ്ഡഡ് - സർക്കാർ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 2014-15 വർഷത്തെ തസ്തിക നിർണ്ണയംമൂലം അധികമായി കണ്ടെത്തിയിട്ടുള്ള സർക്കാർ സ്കൂൾ അദ്ധ്യാപകരെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കും പ്രകാരം എസ്.എസ്.എ. വഴി പാർട്ട് ടൈം ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. കേന്ദ്ര സർക്കാരിൽനിന്നും ഇതിലേക്കായി അനുവദിച്ച തുക വിനിയോഗിച്ച് ടി

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും തികച്ചും താൽക്കാലിക അടിസ്ഥാനത്തിൽ അധികമായി കണ്ടെത്തിയ അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിനുമാണ് നടപടികൾ സ്വീകരിച്ചിരുന്നത്. എന്നാൽ ഇതിനെതിരെ കായികാദ്ധ്യാപകരുടെയും കായികാദ്ധ്യാപക വിദ്യാർത്ഥികളുടേയും പ്രതിഷേധം മൂലമാണ് ജില്ലാ സ്കൂൾ കായികമേള തടസ്സപ്പെട്ടത്.

(സി) യോഗ്യതയുള്ളവരെയാണ് കായികാദ്ധ്യാപകരായി നിലനിർത്തുന്നത്.

(ഡി) എല്ലാ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനായി കായികാദ്ധ്യാപകരെ പൂളിംഗ് വ്യവസ്ഥയിൽ നിയമിക്കുന്നുണ്ട്.

(ഇ) 1-10-2011-ലെ ജി.ഒ(പി) നമ്പർ 199/2011/പൊ.വി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പൂളിംഗ് നടത്തി, എല്ലാ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതാണ്.

അധ്യാപക തസ്തികകളിലേക്ക് പി.എസ്.സി. അഡ്വൈസ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ

53 (4663) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അദ്ധ്യാപക തസ്തികകളിലേക്ക് പി.എസ്.സി. അഡ്വൈസ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്ത എത്ര ഉദ്യോഗാർത്ഥികൾ നാളിതുവരെയുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) അദ്ധ്യാപക ബാങ്കിൽ നിന്നും സർക്കാർ സ്കൂളുകളിൽ ഈ അദ്ധ്യായന വർഷം എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പി.എസ്.സി. അഡ്വൈസ് ചെയ്ത പോസ്റ്റുകളിലേക്ക് അദ്ധ്യാപക ബാങ്കിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര?

ഉത്തരം

(എ)	തിരുവനന്തപുരം	37
	കൊല്ലം	18
	ആലപ്പുഴ	4
	എറണാകുളം	28

LIBRARY ARCHIVES Kerala Legislative Assembly